മാതൃഭൂമി

24 November 2017

# സംസ്ഥാനങ്ങളുടെ വികസന പദ്ധതികളെ നീതി ആയോഗ് പിന്തുണയ്ക്കും - പ്രൊഫ. രമേശ് ചന്ദ്

കൊച്ചി: ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ സഹായകരമാകുന്ന നൂതന വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് നീതി ആയോഗിന്റെ പൂർണ പിന്തുണയുണ്ടാകുമെന്ന് നീതി ആയോഗ് അംഗവും പ്രമുഖ കാർഷിക സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫ. രമേശ് ചന്ദ്. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സി.എം.എഫ്.ആർ.ഐ.) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യത്തിന് കുറഞ്ഞ താങ്ങുവില ഏർപ്പെടുത്തുന്നത് മത്സ്യവിലയിൽ ഏറ്റക്കുറച്ചിലുകൾ മൂലമുണ്ടാകുന്ന പ്രതിസന്ധിക്ക് ശാശ്വത പരിഹാരമല്ല. മീനിന് താങ്ങുവില ഏർപ്പെടുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. വിലത്തകർച്ചയിലൂടെയുള്ള പ്രതിസന്ധി മറികടക്കാൻ മത്സ്യോത്പാദന സംഘങ്ങൾ രൂപവത്കരിക്കുന്നത് ഗുണകരമാകുമെന്നും പ്രൊഫ. രമേശ് ചന്ദ് പറഞ്ഞു.



സി.എം.എഫ്.ആർ.ഐ. ശാസ്ത്രജ്ഞരുമായുള്ള കൂടിക്കാഴ്ചയിൽ നീതി ആയോഗ് അംഗം പ്രൊഫ. രമേശ് ചന്ദ് സംസാരിക്കുന്നു

വിദേശ വിപണി മെച്ചപ്പെടുത്താൻ ഗുണനിലവാര സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും ബ്രാൻഡ് മൂല്യം നിലനിർത്താനും ശ്രമിക്കണം. കയറ്റുമതി ഏജൻസികൾ ഇതിന് മുൻകൈയെടുക്കണം. ശരിയായ സാങ്കേതിക വിദ്യയിലൂടെ മത്സ്യോത്പാദനവും മൂല്യവർധിത ഉത്പാദനവും വർധിപ്പിക്കണം. സി.എം.എഫ്.ആർ.ഐ.യിലെ ശാസ്ത്രജ്ഞർ ഇതിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. -പ്രൊഫ ചന്ദ് അഭിപ്രായപ്പെട്ടു.

സമുദ്രമത്സ്യ മേഖലയിൽ സി.എം.എഫ്.ആർ.ഐ. നടത്തിവരുന്ന ഗവേഷണ പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു.